LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഒരു ഡിപ്പോയും നിർത്തലാക്കാൻ ഉദ്ദേശിക്കുന്നില്ല. ഒരു ഡിപ്പോയും പുത്തനായി തുടങ്ങാനും ഉദ്ദേശിക്കുന്നില്ല. ജീവനക്കാർക്ക് കൊടുക്കാനുള്ള ആനുകൂല്യങ്ങൾ എന്ന് കൊടുക്കാൻ പറ്റുമെന്ന് നിങ്ങളുടെ യൂണിയനുകൾക്ക് എന്നെക്കാളും അറിയാവുന്നതാണ്. സാമ്പത്തികമായ കഴിവുണ്ടെന്ന് യൂണിയൻകാർ സ്ഥാപിക്കുമ്പോൾ അന്ന് കൊടുക്കാം. ഒരു വിരോധവുമില്ല. എന്നെക്കാൾ അതിന്റെ കണക്ക് കൈകാര്യം ചെയ്യുന്നത് നിങ്ങളാണ്. അവർക്കറിയാം. ഷെഡ്യൂളുകളെ സംബന്ധിച്ച് ഞാൻ പറഞ്ഞു 10 രൂപയിൽ താഴെ വരുമാനമുള്ള ഷെഡ്യൂളുകൾ നടത്തി നമുക്ക് മുന്നോട്ടുപോകാൻ സാധിക്കില്ല. അങ്ങനെ നടത്തുന്നോറും ഡി.എ. നൽകുന്നത് പിന്നെയും താമസിക്കും.

(2) വയനാട് ജില്ലയിലെ വരൾച്ചയും കുടിവെള്ളക്ഷാമവും

ശ്രീ. എൻ. ഡി അപ്പച്ചൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ വയനാട് ജില്ലയിൽ പ്രത്യേകിച്ച് സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിൽ കടുത്ത വരൾച്ച മൂലം കുടിവെള്ളം ലഭിക്കാൻ മാർഗ്ഗമില്ലാതെ ജനങ്ങൾ നെട്ടോട്ടമോടിക്കൊണ്ടിരിക്കുകയാണ്. അവിടെ കിണറുകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളുമെല്ലാം വറ്റിവരണ്ടിരിക്കുകയാണ്. നാലും അഞ്ചും കിലോമീറ്റർ സഞ്ചരിച്ചാണ് ജനങ്ങൾ കുടിവെള്ളം കൊണ്ടുവന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കർണ്ണാടകയോട് തൊട്ടുകിടക്കുന്ന മുള്ളൻകൊല്ലി, പുൽപ്പള്ളി പഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ വരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ് കഴിഞ്ഞ മൂന്നു വർഷമായി കാലവർഷം ചതിച്ചുകൊണ്ടിരിക്കുകയാണ്. ഈ വർഷം തുലാവർഷവും ചതിച്ചു. വയനാട് ജില്ലയിൽ ഇപ്പോൾ ഭൂഗർഭ ജലവിതാനം ഏതാണ്ട് നാല് മീറ്ററോളം താണുപോയി. വയനാട് ജില്ല ഒരു കാലഘട്ടത്തിലും അനുഭവിക്കാത്ത തരത്തിലുള്ള വരൾച്ചയാണ് ഈ ഡിസംബർ മാസം മുതൽ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. കാർഷിക വിളകൾ മുഴുവൻ ഉണങ്ങി നശിച്ചു. കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച മൂലം ദുരിതമനുഭവിക്കുന്ന കൃഷിക്കാർക്ക് ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചതുപോലെയായിരിക്കുന്നു. ഈ വരൾച്ച മൂലം ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിന് പുതുതായി കിണറുകളും, കുളങ്ങളും, പൈപ്പ് ലൈനുകൾ നീട്ടുന്നതുമായ പ്രവൃത്തികൾ പുതുതായി ആരംഭിക്കേണ്ടിയിരിക്കുന്നു. പുതിയ പ്രവൃത്തികളൊന്നും നടപ്പാക്കാൻ പാടില്ല എന്നാണ് ഇവിടെ പറയുന്നത്. അങ്ങനെ വന്നാൽ കുടിവെള്ളത്തിനുവേണ്ടി ബുദ്ധിമുട്ടനുഭവിക്കുന്ന ജനങ്ങൾ വളരെയേറെ പ്രയാസമനുഭവിക്കേണ്ടി വരും. അതുകൊണ്ട് കുടിവെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. വരൾച്ചകൊണ്ട് കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അടിയന്തിരപ്രാധാന്യത്തോടുകൂടി കുടിവെള്ളം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പുതിയ പദ്ധതികൾ ആരംഭിക്കാനുള്ള നടപടി

ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കുടിവെള്ളം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ടാങ്കർ ലോറികളിൽ വെള്ളം കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു മാത്രം കാര്യമായില്ല. പുതിയ പൈപ്പ് ലൈനുകൾ ഇടേണ്ട സംവിധാനമുണ്ടാക്കണം. പുതിയ കിണറുകൾ കുഴിക്കണം. പുതിയ കുളങ്ങൾ ഉണ്ടാക്കണം. എങ്കിൽ മാത്രമേ അവിടത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ കഴിയുകയുള്ളൂ. വയനാടിലെ കാലാവസ്ഥ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കുടിവെള്ള പ്രശ്നം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിച്ച് പ്രശ്നം പരിഹരിക്കാൻ മുന്നോട്ടു വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സർ, ബഹുമാനപ്പെട്ട എൻ.ഡി അപ്പച്ചൻ സൂചിപ്പിച്ചതുപോലെ വയനാട് ജില്ലയിൽ വരൾച്ച കഠിനമാണ്. പാലക്കാട്, വയനാട് എന്നീ ജില്ലകളിലാണ് കൂടുതൽ വരൾച്ച ഉണ്ടായിട്ടുള്ളത്. വയനാട് ജില്ലയിൽ വരൾച്ചയ്ക്ക് ആശ്വാസമെത്തിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ ജില്ലാ കളക്ടർക്ക് കൊടുത്തിട്ടുണ്ട്. നടപടി സ്വീകരിച്ചുവരികയാണ്. അതുപോലെതന്നെ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ടാങ്കർ ലോറികളിൽ കുടിവെള്ളം എല്ലാ സ്ഥലത്തും എത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ബുദ്ധിമുട്ട് വരികയില്ല. പിന്നെ അത്യാവശ്യമായിട്ടുള്ളത് പൈപ്പ് ലൈൻ നീട്ടുക, കിണർ കുഴിക്കുക, കുളം കുഴിക്കുക ഇങ്ങനെയുള്ള പ്രവൃത്തികളെ സംബന്ധിച്ചിടത്തോളം ആവശ്യമായ സ്ഥലങ്ങളിൽ അത് ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതിൽ യാതൊരു ഉത്കണ്ഠയും ആവശ്യമില്ല. കൃഷി നാശത്തിനുള്ള നഷ്ടപരിഹാരത്തെ സംബന്ധിച്ചിടത്തോളം റിപ്പോർട്ട് വന്നുകഴിഞ്ഞാലുടനെ കൃഷി നാശം സംഭവിച്ച കൃഷിക്കാർക്കാവശ്യമായ നഷ്ടപരിഹാരം കൊടുക്കാൻ ഗവൺമെന്റ് നടപടികളെടുക്കുന്നതാണെന്ന് പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എൻ. ഡി. അപ്പച്ചൻ : സർ, പുതുതായി കിണറുകളും കുളങ്ങളും കുഴിക്കുന്നതിനും പൈപ്പ് ലൈൻ നീട്ടുന്നതിനുമുള്ള ഒരു നിർദ്ദേശം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിൽ കൊടുത്തെങ്കിൽ മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളൂ. അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി : അങ്ങനെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഒരു ഒറിജിനൽ വർക്കാണെന്നുള്ള ഒരു പ്രതീതി ജനിക്കാതെ അത്യാവശ്യം വേണ്ട ചില സ്ഥലങ്ങളിൽ അങ്ങനെയുള്ള ചില ജോലികൾ ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly